LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജുകളുടെ അഫിലിയേഷൻ

53 (502) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും മെഡിക്കൽ കോളേജ്, ആരോഗ്യസർവ്വകലാശാലക്ക് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ് എന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകൾ സർവ്വകലാശാലയ്ക്ക് നൽകുമ്പോൾ അതിലെ ജീവനക്കാരെ സർവ്വകലാശാലക്ക് വിട്ടുകൊടുക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളും മാനദണ്ഡങ്ങളുമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) സർവ്വകലാശാലയ്ക്ക് വിട്ടുകൊടുക്കുന്ന മെഡിക്കൽ കോളേജുകളുടെ ആസ്തികളും ബാദ്ധ്യതകളും തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

മെഡിക്കൽ കോളേജുകളിൽ പി.ജി. കോഴ്സുകൾ

54 (503) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ സർവ്വകലാശാല അതിന്റെകീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും മെഡിക്കൽ കോളേജുകൾക്ക് പി.ജി. കോഴ്സുകൾ നടത്തുന്നതിനും, നിലവിലുള്ള പി.ജി. കോഴ്സുകളുടെ സീറ്റ് വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിലേക്കുള്ള അപേക്ഷ മെഡിക്കൽ യൂണിവേഴ്സിറ്റി എന്നാണ് സ്വീകരിച്ചത് ;

(സി) ഈ കോഴ്സുകൾക്കും സീറ്റ് വർദ്ധനയ്ക്കും യൂണിവേഴ്സിറ്റി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) മെഡിക്കൽ യൂണിവേഴ്സിറ്റി അനുവദിച്ച ഏതെങ്കിലും കോഴ്സിന് മെഡിക്കൽ കൗൺസിലിന്റെയോ ഡന്റൽ കൗൺസിലിന്റെയോ അനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഇ) പുതുതായി അനുവദിച്ച കോഴ്സുകളിലെയും സീറ്റുകളിലെയും പ്രവേശനത്തെ സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;